## പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. റ്റി.1393

06.03.2020 ൽ മറുപടിക്ക്.

## കേരള ചിക്കൻ പദ്ധതി

**ചോദ്യം**
ശ്രീ.കെ. ദാസൻ

**മറുപടി**
ശ്രീ. എ.സി.മൊയ്തീൻ
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ചിക്കൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സർക്കാരിന്റെ ഇടപെടലിലൂടെ ഗുണമേന്മയുള്ള കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ കുടുംബശ്രീയുമായി കൈകോർത്ത് വിഭാവനം ചെയ്ത് ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് കേരള ചിക്കൻ. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ, മരുന്ന്, തീറ്റ എന്നിവ ഇറച്ചിക്കോഴി കർഷകർക്ക് നൽകി 40 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുത്ത് വിപണിയിൽ വിൽക്കുന്ന പദ്ധതിയാണിത്. ഇറച്ചിക്കോഴി സംസ്കരിച്ച് വിപണനം ചെയ്യുന്നതിനായി തിരുവനന്തപുരം കഠിനംകുളത്ത് കുടുംബശ്രീ സ്ഥാപിക്കുന്ന പൗൾട്രി പ്ലാൻറിൽ ബ്രീഡർ ഫാം, ഹാച്ചറി, അബറ്റോയർ, റ്റൈറൻറിംഗ് പ്ലാൻറ്, കോൾഡ് സ്റ്റോറേജ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി ഏതുവരെയായി എന്ന് വിശദമാക്കാമോ? | (ബി) | കേരള ചിക്കൻ പദ്ധതി ആദ്യഘട്ടത്തിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ) മായി ചേർന്ന് തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ 53 ഫാമുകളിൽ കേരള ചിക്കന്റെ ഇൻറഗ്രേഷൻ നടത്തി. രണ്ടാം ഘട്ടത്തിൽ പ്രതിദിനം1500 കോഴികളെ ഏറ്റെടുക്കുന്നതിനായി മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇന്ത്യ (എം.പി.ഐ) യുമായി കരാറിൽ ഒപ്പു വച്ചു. മൂന്നാം ഘട്ടത്തിൽ കർഷകർക്ക് ഇൻറഗ്രേഷൻ ഫീസ് (വളർത്തുകൂലി) നൽകുന്ന രീതിയിൽ കേരള ചിക്കൻ വിഭാവനം ചെയ്തു. ഇതിന്റെ ഭാഗമായി 898 കർഷകരെ കണ്ടെത്തുകയും, ഇതിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഫാമുകളിൽ ആദ്യഘട്ട ഇന്റഗ്രേഷൻ ആരംഭിക്കുകയും ചെയ്തു. കേരള ചിക്കന്റെ ആദ്യഘട്ട ഇന്റഗ്രേഷൻ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ 2019 ജൂൺ 11-നാണ് ആരംഭിച്ചത്.<br><br>വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എ) ആദ്യഘട്ട ഇൻറഗ്രേഷനിൽ 38 കർഷകർക്ക് 103 ലക്ഷം കോഴികളെ നൽകി.<br>ബി) രണ്ടാം ഘട്ട ഇന്റഗ്രേഷനിൽ 56 കർഷകർക്ക് 161 ലക്ഷം കോഴികളെ നൽകി. |

| | | | |
|---|---|---|---|
| | | | സി) മൂന്നാംഘട്ട ഇന്റഗ്രേഷനിൽ 56 കർഷകർക്ക് 152 ലക്ഷം കോഴികളെ നൽകി.<br>നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ നാലാമത്തെ ഇൻറഗ്രേഷൻ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ 33 കോഴി കർഷകരെ ഉൾപ്പെടുത്തിയാണ് ഇതു നടപ്പിലാക്കുന്നത്. ഇവർ 45 ദിവസംകൊണ്ട് വളർത്തി വലുതാക്കിയ കോഴികളെ കേരള ചിക്കന്റെ ഔട്ട് ലെറ്റുകൾ വഴി വിൽക്കുന്നതാണ്. കേരള ചിക്കന്റെ വിപണനം വിപുലീകരിക്കുന്നതിന് കേരളത്തിലുടനീളം ഔട്ട് ലെറ്റുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം കഠിനംകുളത്തെ പൗൾട്രി പ്രൊസസ്സിംഗ് പ്ലാൻറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2020- 21 സാമ്പത്തിക വർഷത്തിൽ 200 ഔട്ട് ലെറ്റുകൾ മുഖേന കേരള ചിക്കൻ മാർക്കറ്റിൽ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ